പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3769 — 17.10.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി ബസ്സുകളിൽ പ്രകൃതി വാതകം ഇന്ധനമായി ഉപയോഗിക്കുന്നതിന് നടപടി

ചോദ്യം — ഉത്തരം

ശ്രീ. പി. ഉബൈദുള്ള
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പ്രതിവർഷം ഇന്ധനം വാങ്ങിയ വകയിൽ എണ്ണക്കമ്പനികൾക്ക് മാത്രമായി എന്തു തുകയാണ് കൊടുക്കുന്നത്; കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കുകൾ ലഭ്യമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. പ്രതിവർഷം എണ്ണകമ്പനികളിൽ നിന്നും ഇന്ധനം വാങ്ങിയ വകയിൽ നൽകിയ തുകകൾ താഴെ വിവരിക്കുന്നു. |

| | |
|---|---|
| 4/2006 മുതൽ 3/2007 വരെ | 372.87 കോടി രൂപ |
| 4/2007 മുതൽ 3/2008 വരെ | 355.69 കോടി രൂപ |
| 4/2008 മുതൽ 3/2009 വരെ | 429.73 കോടി രൂപ |
| 4/2009 മുതൽ 3/2010 വരെ | 472.16 കോടി രൂപ |
| 4/2010 മുതൽ 3/2011 വരെ | 559.88 കോടി രൂപ |
| 4/2011 മുതൽ 8/2011 വരെ | 253.57 കോടി രൂപ |
| ആകെ | 2,443.90 കോടി രൂപ |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പ്രകൃതി വാതകം ഇന്ധനമായി ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | തീരുമാനിച്ചിട്ടുണ്ട്. 2012-ൽ പ്രകൃതി വാതകം (CNG) കേരളത്തിൽ ലഭ്യമാകുമ്പോൾ കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ഇന്ധനമായി CNG ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2012-13 കാലയളവിൽ KSRTC വാഹനങ്ങൾക്കാവശ്യമായ CNG യുടെ അളവും ഉപഭോഗ തോതും മറ്റ് വിവരങ്ങളും Gas Authority of India Ltd. (GAIL) നേയും Kerala State Industrial Development Corporation (KSIDC) - യെയും അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രകൃതി വാതകം ഉപയോഗിച്ചാൽ പ്രതീക്ഷിക്കപ്പെടുന്ന ലാഭം എത്ര; | (സി) | 2012-ൽ കേരളത്തിൽ CNG ലഭ്യമാകുന്ന അവസരത്തിൽ നിലവിൽ വരുന്ന വില അറിഞ്ഞാൽ മാത്രമേ ഒരു താരതമ്യ പഠനം സാധിക്കൂ. ഈ അവസരത്തിൽ CNG ലഭ്യമാകുന്ന മറ്റ് സംസ്ഥാനങ്ങളിൽ എന്നപോലെ കേരളത്തിലും CNG ക്ക് ഡീസലിനെക്കാളും വില കുറവായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഇതിലൂടെ കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം ചുരുക്കിക്കൊണ്ടുവരാൻ സാധിക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ഇന്ധനമായി പ്രകൃതി വാതകം ഉപയോഗിക്കുന്നതിലൂടെ ഒരു പരിധി വരെ കോർപ്പറേഷന്റെ ഇന്ധനചെലവ് കുറയ്ക്കുവാൻ സാധിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ